കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല — പാറളം ഗ്രാമപഞ്ചായത്ത് - 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ 2,98,500/-രൂപയുടെ ചെലവിനും 3.14- പ്രകാരം തടസ്സപ്പെടുത്തിയ 8,17,500/-രൂപയുടെ ചെലവിനും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ. (സാധാ) നം.2157/16/തസ്വഭവ. തിരുവനന്തപുരം, തീയതി:18/07/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 20/11/2015-ലെ എം3-37301/15 നമ്പർ കത്ത്

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കെ.എസ്.എ 15821/പിറ്റി2/2015 നമ്പർ 19/04/2016-ലെ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പാറളം ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-11 പ്രകാരം വൃക്ക, ഹൃദ്രോഗം, കാൻസർ രോഗികൾക്ക് ചികിൽസാ സഹായം പണമായി നൽകിയ നടപടി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ പ്രോജക്ട് പ്രകാരം ചെലവാക്കിയ 2,98,500/- രൂപ, ഖണ്ഡിക 3-14 പ്രകാരം സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സൗജന്യ കേരള വാട്ടർ അതോറിറ്റി കണക്ഷൻ നൽകിയതിനാൽ 8,17,500/- രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ഖണ്ഡിക 3-11 പ്രകാരം 10.08.2015 ലെ 178(1)/15 നമ്പർ തീരുമാന പ്രകാരം മേൽ പദ്ധതി 2008-2009, 2009-2010, 2010-2011 വർഷങ്ങളിൽ നടപ്പിലാക്കിയതിന് സർക്കാർ സാധൂകരണം ലഭ്യമായതിനാലും ആഡിറ്റ് പരാമർശത്തിന് ശേഷം പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതിനാലും സാധൂകരണത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ഖണ്ഡിക 3.14 പ്രകാരം അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഉയർന്ന പ്രദേശമായ പട്ടികജാതി കോളനിയിലെ കുടിവെള്ളത്തിനായി ബുദ്ധിമുട്ടനുഭവിക്കുന്ന സാധാരണക്കാരിലും സാധാരണക്കാരായവരും ദുർബലരുമായ വിഭാഗത്തിന് ഗുണകരമായിട്ടുള്ളതിനാലും ഡെപ്പോസിറ്റ് ചെയ്തതിൽ ബാക്കി തുക ആർ.ഒ.പി അടച്ചതിന്റെയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.08.2015 ലെ 178(2)/15 നമ്പർ തീരുമാനപ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോട് കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് എന്നതിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, ബന്ധപ്പെട്ട് ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം

പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ സാധൂകരണത്തിനായി അപേക്ഷ സമർപ്പിട്ടുണ്ട്.

ടി വിഷയത്തിൽ ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 29/09/15 തീയതിയിലെ (13), (14) നമ്പർ തീരുമാനങ്ങൾ, പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ അനുകൂല ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഖണ്ഡികകൾക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ പാറളം ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-11 പ്രകാരം തടസ്സപ്പെടുത്തിയ 2,98,500/- രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) യുടെ ചെലവിനും ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയ 8,17,500/- രൂപ (എട്ട് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) യുടെ ചെലവിനും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

സെക്രട്ടറി, പാറളം ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ